# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**12.06.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചക്ക് 12.30 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്തു വകുപ്പുമന്ത്രിയുടെ ചേമ്പറിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.06.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 2013-14 വാർഷിക പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ 1205 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 146419 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടത്തിയിട്ടുള്ള തായും, ഇവയുടെ മൊത്തം അടങ്കൽ തുക 7243 കോടി രൂപയാണെന്നും യോഗം വിലയിരുത്തി. 1046 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 55792 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയായിക്കഴിഞ്ഞു. ഇവയുടെ മൊത്തം അടങ്കൽ 2799 കോടി രൂപയാണ്. 30819 പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസർമാരുടെ പരിശോധനയിൽ ഇരിക്കുന്നതായും അവയുടെ അടങ്കൽ 1419 കോടി രൂപയാണെന്നും വിലയിരുത്തുകയുണ്ടായി. 36 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 5147 പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതികൾക്ക് സമർപ്പിച്ചതായും അവയുടെ അടങ്കൽ 289 കോടി രൂപയാണെന്നും നിരീക്ഷിച്ചു. പ്രോജക്ടുകളുടെ ഡാറ്റാഎൻട്രിക്ക് അനുവദിച്ചിട്ടുള്ള സമയം മുൻ തീരുമാനപ്രകാരം ജൂൺ 15 ന് അവസാനിപ്പിക്കുന്നതാണെന്നും യാതൊരു കാരണവശാലും ദീർഘിപ്പിച്ചു നൽകുന്നതല്ലെന്നും യോഗം തീരുമാനിച്ചു.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.19534/ഡി.ബി.3/13/തസ്വഭവ) തീയതി.12.06.2013**

നടപ്പു സാമ്പത്തിക വർഷം പ്രോജക്ട് നിർവഹണത്തിന് തുക വകകൊള്ളിച്ചിട്ടുണ്ടെങ്കിൽ, 2 സീറ്റർ ഉള്ള പിക്കപ്പ് വാഹനം മാത്രമേ വാങ്ങാവൂ എന്ന നിബന്ധനയിൽ, നടപ്പിലാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.14707/ഡി.ബി.1/12/തസ്വഭവ) തീയതി.12.06.2013**

2011-12 വർഷത്തിൽ നടപ്പാക്കിയ ഗോത്രവെളിച്ചം പദ്ധതിക്ക് അംഗീകാരം നൽകി തീരുമാനിച്ചു. എന്നാൽ ഈ അംഗീകാരം ആഡിറ്റിൽ കണ്ടെത്തിയതോ കണ്ടെത്താവുന്നതോ ആയ ക്രമക്കേടുകൾക്കുള്ള സാധൂകരണമായി കണക്കാക്കാൻ പാടുള്ളതല്ല എന്നും തീരുമാനിച്ചു. പദ്ധതി തുടരുന്നെങ്കിൽ വിദ്യാഭ്യാസം, സാമൂഹ്യനീതി, പട്ടികവർഗ വികസനം തുടങ്ങി ബന്ധപ്പെട്ട എല്ലാ ഏജൻസികളുമായി വിശദമായ ചർച്ച നടത്തി ഇരട്ടിപ്പ് ഒഴിവാക്കത്തക്ക വിധത്തിൽ മാത്രമേ നടപ്പാക്കാവൂ എന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 വെച്ചൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.34452/ഡി.ബി.3/13/തസ്വഭവ) തീയതി.12.06.2013**

പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു മാർഗരേഖ ഉണ്ടാകേണ്ടത് ആവശ്യമാണെന്നും, ഇക്കാര്യത്തിൽ കോഴിക്കോട് ആസ്ഥാനമായി മാതൃകാപരമായി പ്രവർത്തിക്കുന്ന സൊസൈറ്റിയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് സമർപ്പിച്ചശേഷം പരിഗണിക്കാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.ം.13839/ഡി.ഡി.2/13/തസ്വഭവ) (തീയതി.12.06.2013)**

മെയിന്റനൻസ് ഗ്രാന്റ് പുതിയ നിർമ്മാണത്തിന് ഉപയോഗിക്കാൻ പാടില്ലാത്തതിനാൽ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ഉഴവൂർ ബ്ലോക്ക്പഞ്ചായത്ത് (ഫയൽ നം.35256/ഡി.എ2/13/തസ്വഭവ) തീയതി.12.06.2013**

22.05.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ 2.4 ഇനമായി തീരുമാനിച്ചത് പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പിൻവലിക്കാനും, ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് 5 ലക്ഷം രൂപ പരിധി നിശ്ചയിക്കാനും തീരുമാനിച്ചു. സമാന സ്വഭാവമുള്ള രണ്ടു പ്രവൃത്തികൾ ചേർന്ന് ഒറ്റ പ്രോജക്ടാക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് (തീയതി.12.06.2013)**

മട്ടുപ്പാവിലെ ഗ്രോബാഗ് പച്ചക്കറി കൃഷി ഗ്രാമപഞ്ചായത്തിന് നടപ്പിലാക്കാവുന്നതാണെന്നും എന്നാൽ സബ്സിഡി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മലപ്പുറം ജില്ലാ പഞ്ചായത്ത് (തീയതി.12.06.2013)**

സംയുക്ത പ്രോജക്ട് നടപ്പിലാക്കുന്നത് കൂടുതൽ തുക വകയിരുത്തുന്ന തദ്ദേശഭരണ സ്ഥാപന തലത്തിൽ ആയിരിക്കണം എന്ന നിലവിലെ തീരുമാനം ഭേദഗതി ചെയ്ത് ആസ്തി കൈവശമുള്ള തലത്തിൽ ഫണ്ട് കൈമാറാനും അവരുടെ മാനദണ്ഡ പ്രകാരം പ്രവൃത്തി നടത്താനും അനുവദിക്കണം എന്ന ആവശ്യം വളരെ വിശദമായി ചർച്ച ചെയ്യുകയും, ഭേദഗതി ആവശ്യമില്ലെന്ന് തീരുമാനിക്കുകയും, അതിന്റെ കാരണങ്ങൾ ജില്ലാ പഞ്ചായത്തിനെ അറിയിക്കാനും തീരുമാനിച്ചു. മുൻ വർഷങ്ങളിൽ ചില ജില്ലാ പഞ്ചായത്തുകൾ തങ്ങൾക്കു കിട്ടുന്ന തുക ഗ്രാമപഞ്ചായത്തുകൾക്ക് വീതിച്ചു കൊടുക്കുകയും സ്വന്തമായി പ്രോജക്ട് ഏറ്റെടുക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലാണ് ഇത്തരത്തിൽ തീരുമാനം എടുത്തത്. അതിന് മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 മലപ്പുറം ജില്ലാ പഞ്ചായത്ത് (തീയതി.12.06.2013)**

പ്രതീക്ഷ ഡേ കെയർ സെന്റർ എന്ന പുതിയ പ്രോജക്ടിന് പ്രത്യേക സൂക്ഷ്മ മേഖല കോഡ് അനുവദിക്കണം എന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യം സുദീർഘമായി ചർച്ച ചെയ്യുകയുണ്ടായി. എയ്ഡഡ് സ്ക്കൂളുകളിൽ കുടിവെള്ളം, സാനിട്ടേഷൻ എന്നിവയല്ലാതെ പഞ്ചായത്ത് ഫണ്ട് ചെലവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. ആയ/സ്പെഷ്യൽ ടീച്ചർ ഹോണറേറിയം, കെട്ടിട നിർമ്മാണം, വാഹന സൗകര്യമൊരുക്കൽ ഇവ ഒറ്റ പ്രോജക്ടായി നടപ്പിലാക്കാൻ

കഴിയുകയില്ല. ഇക്കാരണങ്ങളാൽ ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ചിരിക്കുന്ന വിവിധ ഘടകങ്ങൾ ചേർന്ന് ഒറ്റ പ്രോജക്ടായി രൂപീകരിക്കുന്നതിന് കോഡ് നൽകാൻ കഴിയുകയില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് (തീയതി.12.06.2013)**

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്ടിന്റെ പരിധി 4 ലക്ഷം രൂപ ആക്കണം എന്ന ആവശ്യം ചർച്ച ചെയ്യുകയും ഇനം 3.5 ലെ തീരുമാനം ബാധകമാക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പാവറട്ടി ഗ്രാമ പഞ്ചായത്ത് (തീയതി.12.06.2013)**

ഗ്രാമപഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിക്ക് കഴിഞ്ഞ വർഷം അംഗീകാരം ലഭിക്കാതെ പോയ സാഹചര്യത്തിൽ 2012-13, 2013-14 വർഷങ്ങളിലെ ഫണ്ടുകൾ ഉപയോഗിച്ച് പദ്ധതി തയ്യാറാക്കാൻ അനുവദിക്കണമെന്ന ആവശ്യം വിശദമായി ചർച്ച ചെയ്യുകയും കഴിഞ്ഞ വർഷത്തെ ഫണ്ട് ഈ വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യുന്നതുമായും കഴിഞ്ഞ വർഷത്തെ ആസൂത്രണ പ്രക്രിയയുടെ പൂർത്തീകരണം രേഖപ്പെടുത്തുന്നതും സംബന്ധിച്ച സാങ്കേതിക സഹായങ്ങൾ ചെയ്യുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും, ഐ.കെ.എം നെയും ചുമതലപ്പെടുത്തി തീരുമാനിച്ചു. ഗ്രാമപഞ്ചായത്തിന്റെ പ്രതിനിധികൾ തിരുവനന്തപുരത്ത് ഉള്ളതിനാൽ അവരെയും ബഹു. മണലൂർ എം.എൽ.എ. ശ്രീ.പി.എ. മാധവൻ, ശ്രീ. സി.പി. ജോൺ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവരെയും ഉൾപ്പെടുത്തി ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളുന്ന തിന് ഇന്നു വൈകുന്നേരം 4 മണിക്ക് ഒരു യോഗം ചേരുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം 1.30 ന് അവസാനിച്ചു)**